REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- 2047-ൽ വികസിത ഭാരതം എന്ന പ്രമേയവുമായി രാജ്യം ഇന്ന് 78-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു.
- പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ അൽപ്പസമയത്തിനകം ദേശീയ പതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും.
- ഇന്ത്യ വൈവിധ്യത്തോടെ ഒന്നിച്ചു നീങ്ങുകയാണെന്നും ഭിന്നതയുണ്ടാക്കുന്ന പ്രവണതകൾ തള്ളിക്കളയണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു.
- മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ 9 - ന് തിരുവനന്തപുരത്ത് ദേശീയ പതാക ഉയർത്തി പരേഡിൽ അഭിവാദ്യം സ്വീകരിക്കും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകും.
- ഈ വർഷത്തെ കർഷക അവാർഡുകൾ പ്രഖ്യാപിച്ചു.
- പാരീസ് ഒളിമ്പിക്സ് ഗുസ്തിയിൽ അയോഗ്യത കൽപ്പിച്ചത് ചോദ്യംചെയ്ത് വിനേഷ് ഫോഗട്ട് നൽകിയ അപ്പീൽ കോടതി തള്ളി.

## വാർത്തകൾ വിശദമായി

**രാജ്യം ഇന്ന് 78-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ഡൽഹിയിലെ ചരിത്രപ്രസിദ്ധമായ ചുവപ്പ് കോട്ടയിൽ**

പ്രധാനമന്ത്രി നരേന്ദ്ര മോദി അൽപ്പസമയത്തിനകം ദേശീയ പതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും.

2047-ൽ വികസിത ഭാരതം എന്നതാണ് ഈ വർഷത്തെ സ്വാതന്ത്ര്യദിന പ്രമേയം. 2047ഓടെ രാജ്യത്തെ വികസിത രാഷ്ട്രമാക്കി മാറ്റാൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് നവോന്മേഷം പകരുന്ന വേദിയായി ആഘോഷങ്ങൾ മാറുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.............വോയ്സ്..............

ചുവപ്പ് കോട്ടയിൽ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ ആറായിരത്തോളം വിശിഷ്ടാതിഥികളെ ക്ഷണിച്ചിട്ടുണ്ട്. യുവാക്കൾ, ആദിവാസികൾ, കർഷകർ, സ്ത്രീകൾ, വിശിഷ്ടാതിഥികൾ തുടങ്ങി വിവിധ മേഖലകളിൽ പെട്ടവർ ചടങ്ങിനെത്തും. ഗവൺമെന്റ് പദ്ധതികളുടെയും സംരംഭങ്ങളുടെയും സഹായത്തോടെ വിവിധ മേഖലകളിൽ മികവ് തെളിയിച്ചവരാണിവർ. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയിൽ നിന്ന് പ്രയോജനം നേടിയ 250 കർഷകരും ഗ്രാമപഞ്ചായത്തുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മുന്നൂറ് വനിതാ പ്രതിനിധികളും വിശിഷ്ടാതിഥികളായി പങ്കെടുക്കും. 150 ലക്ഷപതി ദിദികളെയും 150 ഡ്രോൺ ദിദികളെയും അടുത്തിടെ സമാപിച്ച പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ സംഘത്തെയും ആഘോഷങ്ങളിൽ പങ്കെടുക്കാൻ ക്ഷണിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമായി രണ്ടായിരത്തോളം പേർക്കും

മഹത്തായ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ ക്ഷണമുണ്ട്. MyGov, ആകാശവാണി എന്നിവയുടെ സഹകരണത്തോടെ പ്രതിരോധ മന്ത്രാലയം സംഘടിപ്പിച്ച വിവിധ ഓൺലൈൻ മത്സരങ്ങളിലെ വിജയികളായ മൂവായിരം പേരും ആഘോഷങ്ങളുടെ ഭാഗമാകും. രാജ്യത്തെ വിവിധ സ്കൂളുകളിൽ നിന്നുള്ള രണ്ടായിരം ആൺകുട്ടികളും പെൺകുട്ടികളും കേഡറ്റുകളും ആഘോഷങ്ങളിൽ പങ്കെടുക്കും.

സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് ഡൽഹിയിൽ പൊലീസ് സുരക്ഷ ശക്തമാക്കി.

✪✪✪

ചുവപ്പ് കോട്ടയിലെ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങുകൾ രാവിലെ ഏഴ് മുതൽ ഹിന്ദിയിലും ഇംഗ്ലീഷിലും ആകാശവാണി നേരിട്ട് പ്രക്ഷേപണം ചെയ്യും.

ആകാശവാണിയുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ ആകാശവാണി എയറിലും തൽസമയ പ്രക്ഷേപണം ഉണ്ടാകും. തത്സമയ പ്രക്ഷേപണം അവസാനിച്ചതിന് ശേഷമായിരിക്കും ഹിന്ദിയിലും /ഇംഗ്ലീഷിലും പ്രധാന വാർത്താ ബുള്ളറ്റിനുകളും തുടർന്ന വാർത്താ ബുള്ളറ്റിനുകളും പ്രക്ഷേപണം ചെയ്യുക. പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യുന്നതിന്റെ മലയാള പരിഭാഷ രാത്രി 9:30 ന് കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

✪✪✪

വൈവിധ്യത്തോടെയും ബഹുസ്വരതയുടെയും ഇന്ത്യ ഒന്നിച്ചു നീങ്ങുകയാണെന്നും ഭിന്നതയുണ്ടാക്കുന്ന പ്രവണതകൾ തള്ളിക്കളയണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. സ്വാതന്ത്ര്യ ദിനത്തലേന്നാൾ ആകാശവാണിയും ദൂരദർശനും വഴി രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്...........

സാമൂഹിക ജനാധിപത്യത്തിന്റെ അടിത്തറയിലല്ലാതെ രാഷ്ട്രീയ ജനാധിപത്യം നിലനിൽക്കില്ലെന്ന് രാഷ്ട്രപതി പറഞ്ഞു. സാമൂഹ്യനീതി ഗവൺമെന്റിന്റെ മുൻഗണനയാണ്, പട്ടികജാതി, പട്ടികവർഗ്ഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗങ്ങളുടെയും ക്ഷേമത്തിനായി നിരവധി സംരംഭങ്ങൾ ഗവൺമെന്റ് എടുത്തിട്ടുണ്ടെന്ന് രാഷ്ട്രപതി അറിയിച്ചു.

ഇത് ജനങ്ങളുടെ കൈകളിൽ കൂടുതൽ പണം എത്തിക്കുകയും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുകയും ചെയ്തുവെന്ന് അവർ പറഞ്ഞു. ലോകത്തെ അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഇന്ത്യ മാറിയെന്നും ഉടൻ തന്നെ മികച്ച മൂന്ന് സമ്പദ് വ്യവസ്ഥകളിലൊന്നായി മാറാൻ ഒരുങ്ങുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

ജൂലൈ മുതൽ ഭാരതീയ ന്യായ സംഹിത സ്വീകരിച്ചു കൊളോണിയൽ കാലഘട്ടത്തിന്റെ ഒരു അവശിഷ്ടം കൂടി ഗവൺമെന്റ് ഇല്ലാതാക്കി. ശിക്ഷയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം കുറ്റകൃത്യത്തിന് ഇരയായവർക്ക് നീതി ഉറപ്പാക്കുന്നതിനാണ് പുതിയ നിയമാവലി ലക്ഷ്യമിടുന്നതെന്നും രാഷ്ട്രപതി അറിയിച്ചു.

രാജ്യം ഭരണഘടനയുടെ 75-ാം വർഷം ആഘോഷിക്കുകയാണ്. നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ഭരണഘടനാ ആദർശങ്ങളിൽ ഉറച്ചുനിൽക്കുന്ന ഗവൺമെന്റ്, ആഗോളതലത്തിൽ ഇന്ത്യയെ അതിന്റെ ശരിയായ സ്ഥാനം വീണ്ടെടുക്കാൻ പ്രാപ്തരാക്കുക എന്ന ദൗത്യത്തിലാണെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി സായുധ സേനയ്ക്കും കേന്ദ്ര സായുധ പോലീസ് സേനാംഗങ്ങൾക്കും 103 ധീരതാ അവാർഡുകൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. മൂന്ന് മരണാനന്തരം ഉൾപ്പെടെ നാല് കീർത്തി ചക്രങ്ങൾ, നാല് മരണാനന്തരം ഉൾപ്പെടെ 18 ശൗര്യചക്രങ്ങൾ, ധീരതയ്ക്ക് ഒരു ബാർ ടു സേന മെഡൽ എന്നിവയാണ് പുരസ്കാരങ്ങൾ.

ധീരതയ്ക്ക് നൽകുന്ന പുരസ്കാരങ്ങളിൽ രണ്ട് മരണാനന്തരം, 11 നവോ സേന മെഡലുകൾ, ആറ് വായുസേന മെഡലുകൾ എന്നിവയുൾപ്പെടെ 63 സേന മെഡലുകളും ഉൾപ്പെടുന്നു.

വ്യത്യസ്ത സൈനിക നടപടികളിലെ സുപ്രധാന സംഭാവനകൾക്കായി ആർമി ഡോഗ് കെന്റിനു മരണാനന്തരം ഉൾപ്പെടെ 39 മെൻഷൻ-ഇൻ-ഡെസ്പാച്ചുകൾക്കും രാഷ്ട്രപതി അംഗീകാരം നൽകി.

✪✪✪

രാജ്യത്തിന്റെ പ്രതിരോധ മേഖലയെ സ്വാശ്രയമാക്കാൻ ഗവൺമെന്റ് നിരവധി പരിഷ്കാരങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. സ്വാതന്ത്ര്യ ദിനത്തലേന്നായ ഇന്നലെ വൈകിട്ട് ആകാശവാണിയിലൂടെ സായുധ സേനയെ അഭിസംബോധന ചെയ്യവേ, കഴിഞ്ഞ പത്ത് വർഷത്തിനിടെ ആറ് ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉപകരണങ്ങൾ തദ്ദേശീയ കമ്പനികളിൽ നിന്ന് വാങ്ങിയതായി രാജ്നാഥ് സിംഗ് പറഞ്ഞു. ഇതേ കാലയളവിൽ രാജ്യത്തിന്റെ പ്രതിരോധ ഉൽപ്പാദനം ഇരട്ടിയായെന്നും അദ്ദേഹം അറിയിച്ചു.

അഗ്നിപഥ് പദ്ധതി രാജ്യത്തിന്റെ ശക്തി വർദ്ധിപ്പിക്കുമെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ 9 - ന് തിരുവനന്തപുരത്ത് ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കുന്ന മുഖ്യമന്ത്രി സ്വാതന്ത്ര്യദിന സന്ദേശവും നൽകും. ജില്ലാ

ആസ്ഥാനങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

✪✪✪

കൊല്ലത്ത് വി. ശിവൻകുട്ടിയും പത്തനംതിട്ടയിൽ വീണാ ജോർജും ആലപ്പുഴയിൽ സജി ചെറിയാനും കോട്ടയത്ത് ജെ. ചിഞ്ചുറാണിയും ഇടുക്കിയിൽ റോഷി അഗസ്റ്റിനും സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകും.

എറണാകുളത്ത് പി.രാജീവും തൃശൂരിൽ ഡോ. ആർ. ബിന്ദുവും പാലക്കാട്ട് M.B രാജേഷും മലപ്പുറത്ത് കെ രാജനും കോഴിക്കോട്ട് - A.K ശശീന്ദ്രനും വയനാട്ടിൽ - O.R കേളുവും കണ്ണൂരിൽ - രാമചന്ദ്രൻ കടന്നപ്പള്ളിയും കാസർകോട്ട് - കെ. കൃഷ്ണൻകുട്ടിയും ദേശീയ പതാക ഉയർത്തും.

✪✪✪

മാഹിയിൽ നടക്കുന്ന സ്വാതന്ത്രദിനാഘോഷ ചടങ്ങിൽ പുതുച്ചേരി കൃഷി മന്ത്രി സി ജയകുമാർ പതാക ഉയർത്തും. മാഹി കോളേജ് ഗ്രൗണ്ടിൽ രാവിലെ 9-ന് ചടങ്ങുകൾ ആരംഭിക്കും.

✪✪✪

ആസാദി കാ അമൃത് മഹോത്സവിനോടനുബന്ധിച്ച് ഹർ ഘർ തിരംഗ ക്യാമ്പയിനിന്റെ ഭാഗമായി ഇന്ന് സംസ്ഥാനത്തെ എല്ലാ കുടുംബശ്രീ അംഗങ്ങളുടെയും, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടെയും, ബാലസഭാംഗങ്ങളുടെയും വീടുകളിൽ ദേശീയ പതാക ഉയർത്തും.

സംസ്ഥാനത്തെ മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിൽ പ്രത്യേക അയൽക്കൂട്ട യോഗം ചേർന്ന് ദേശീയ പതാക ഉയർത്തും. കുടുംബശ്രീ ഓഫീസുകൾ, ബഡ്സ് സ്ഥാപനങ്ങൾ, സംരംഭ യൂണിറ്റുകൾ, പരിശീലന സ്ഥാപനങ്ങൾ, കുടുംബശ്രീ അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ദേശീയ പതാക ഉയർത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

ഈ വർഷത്തെ സംസ്ഥാന കർഷക അവാർഡുകൾ കൃഷി വകുപ്പ് മന്ത്രി P. പ്രസാദ് തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു. സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡിന് ഇടുക്കി വണ്ടൻമേട് ചെമ്പകശ്ശേരിൽ C.D രവീന്ദ്രൻ നായരും കർഷകതിലകം അവാർഡിന് കണ്ണൂർ പട്ടുവം സ്വദേശി ബിന്ദു കെയും അർഹരായി. ഈ വർഷം പുതുതായി ഏർപ്പെടുത്തിയ സി. അച്യുതമേനോൻ അവാർഡിന് വൈക്കം ബ്ലോക്ക് പഞ്ചായത്തും എംഎസ് സ്വാമിനാഥൻ അവാർഡിന് ഡോ. എ ലതയും കൃഷി ഭവനുകൾക്കു നൽകുന്ന അവാർഡിന് പുതൂർ കൃഷി ഭവനും ട്രാൻസ് ജൻഡർ അവാർഡിന് ശ്രാവന്തിക എസ് പിയും അർഹരായി. ജൈവകൃഷി നടത്തുന്ന ആദിവാസി ക്ലസ്റ്ററിനു നൽകുന്ന അവാർഡിൽ ചേകോടി ഊര് ഒന്നാം സ്ഥാനവും മേമാരി ഊര് രണ്ടാംസ്ഥാനവും നേടി. കേര കേസരി അവാർഡ് മലപ്പുറം താനാളൂർ സ്വദേശി സുഷമ പി ടിയ്ക്കാണ്.

യുവകർഷക അവാർഡിന് പാലക്കാട് കൊഴിഞ്ഞാമ്പാറയിലെ ഹരിവരതരാജ് ജിയും ഹരിതമിത്ര

അവാർഡിന് ആലപ്പുഴ കഞ്ഞിക്കുഴി സ്വദേശി സുജിത്ത് എസ് പിയും ഹൈടെക് കർഷകനുള്ള അവാർഡിന് തിരുവനന്തപുരം സ്വദേശി തൻവീർ അഹമ്മദ് ജെയും അർഹരായി.

മറ്റന്നാൾ വൈകിട്ട് തിരുവനന്തപുരത്ത് നടക്കുന്ന കർഷക ദിനാഘോഷം ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്യും.

✪✪✪

പാരീസ് ഒളിമ്പിക്സ് ഗുസ്തിയിൽ അയോഗ്യത കൽപ്പിച്ചത് ചോദ്യംചെയ്തും, വെള്ളി മെഡൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടും വിനേഷ് ഫോഗട്ട് നൽകിയ അപ്പീൽ അന്താരാഷ്ട്ര കായിക തർക്കപരിഹാര കോടതി തള്ളി. കഴിഞ്ഞയാഴ്ച വനിതകളുടെ 50 കിലോഗ്രാം ഫ്രീസ്റ്റൈൽ ഫൈനലിൽ പങ്കെടുക്കുന്നതിന് തൊട്ട് മുമ്പാണ് 100 ഗ്രാം അമിതഭാരത്തിന്റെ പേരിൽ വിനേഷിനെ അയോഗ്യയാക്കിയത്.

കോടതി വിധിയിൽ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് PT ഉഷ ഞെട്ടലും നിരാശയും പ്രകടിപ്പിച്ചു. കായികരംഗത്ത് നീതിക്കും ന്യായത്തിനും വേണ്ടി വാദിക്കുന്നത് ഐ ഒ എ തുടരുമെന്നും കായികരംഗത്തെ എല്ലാവരുടെയും അവകാശങ്ങളും അന്തസ്സും ഉയർത്തിപ്പിടിക്കുന്നുവെന്ന് ഉറപ്പാക്കുമെന്നും അവർ വ്യക്തമാക്കി.

✪✪✪

പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ ഒളിമ്പിക് സംഘവുമായി രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തി. മികച്ച പ്രയത്നത്തിനും മികച്ച പ്രകടനത്തിനും താരങ്ങളെ അവർ അഭിനന്ദിച്ചു.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് കുറവ് നിറവേറ്റുന്നതിനായി വൈകീട്ട് 7 മണി മുതൽ രാത്രി 11 വരെ വൈദ്യുതി നിയന്ത്രണം ആവശ്യമായി വന്നേക്കാമെന്ന് KSEB അറിയിച്ചു.

ഈ സമയത്ത് വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച് സഹകരിക്കണമെന്നും KSEB അഭ്യർത്ഥിച്ചു.

വൈദ്യുതി ആവശ്യകതയിൽ വന്ന വലിയ വർദ്ധനയും ഝാർഖണ്ഡിലെ മൈത്തോൺ വൈദ്യുത നിലയത്തിലെ ജനറേറ്റർ തകരാറിലായതിനെത്തുടർന്ന് ലഭിക്കേണ്ട വൈദ്യുതിയിൽ വന്ന കുറവും കാരണം വൈകീട്ട് 7 മണി മുതൽ രാത്രി 11 വരെ വൈദ്യുതി ലഭ്യതയിൽ 500 മെഗാവാട്ട് മുതൽ 650 മെഗാവാട്ട് വരെ കുറവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിലാണ് നിർദേശം.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ചവരെ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ കേരള - കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് IPS തലത്തിൽ അഴിച്ചുപണി.

കോട്ടയത്ത് എ ഷാഹുൽ ഹമീദിനെയും പത്തനംതിട്ടയിൽ സുജിത്ത് ദാസിനെയും ജില്ലാ പോലീസ് മേധാവിമാരായി നിയമിച്ചു. കോട്ടയം ജില്ലാ പോലീസ് മേധാവിയായ കെ. കാർത്തികിനെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻസ് ബ്യൂറോ ഹെഡ് ക്വാർട്ടേഴ്സ് S.P യാക്കി.

രാജ്പാൽ മീണയെ കണ്ണൂർ റേഞ്ച് DCPയായും,വിജയ് ഭാരത് റെഡ്ഡിയെ തിരുവനന്തപുരം DCPയായും, ടി.നാരായണനെ കോഴിക്കോട് പൊലീസ് കമ്മീഷണറായും ചൈത്ര തെരേസ ജോണിനെ കൊല്ലം കമ്മീഷണറായും മാറ്റി നിയമിച്ചു. ഡി.ശിൽപയാണ് കാസർകോട് SP. നിധിൻ രാജിനെ കോഴിക്കോട് റൂറൽ SP-യായും, തപോഷ് ബസുമതാരിയെ - വയനാട് SPയായും നിയമിച്ചു.

✪✪✪

കോഴിക്കോട് വിലങ്ങാടും സമീപ ഗ്രാമപഞ്ചായത്തുകളിലും ഉരുൾപൊട്ടൽ ബാധിച്ച കെട്ടിടങ്ങളുടെ ആവാസ യോഗ്യതാ പരിശോധനക്കായി നാല് പ്രത്യേക സംഘങ്ങളെ ജില്ലാ കലക്ടർ നിയമിച്ചു. ഇന്ന് പരിശോധന തുടങ്ങുന്ന സംഘം തിങ്കളാഴ്ചക്കകം വടകര ആർഡിഒയ്ക്ക് റിപ്പോർട്ട് നൽകും.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ മൂന്നാം വാര്ഷികത്തിന്റെ ഭാഗമായുള്ള നാലാം നൂറു ദിന പരിപാടിയുടെ ഭാഗമായി നടക്കുന്ന തദ്ദേശ അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ എറണാകുളം ടൗൺഹാളിൽ മുഖ്യമന്ത്രി പിണറായി വിജയന് നിർവഹിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകിയതും സമയപരിധിക്കകം സേവനം ലഭിക്കാത്തതുമായ പരാതികളും പുതിയ പരാതികളും അദാലത്തിൽ ഉന്നയിച്ച് പരിഹാരം കാണാമെന്ന് അധികൃതർ അറിയിച്ചു.

✪✪✪